**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2347** **05-02-2026 - ൽ മറുപടിയ്ക്ക്**

**ബാർബർ ഷോപ്പ്/ബ്യൂട്ടിപാർലർ എന്നിവിടങ്ങളിൽ നിന്നും ഹരിതകർമ്മ സേന ഈടാക്കുന്ന യൂസർ ഫീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പ്രേംകുമാർ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | ബാർബർ ഷോപ്പ്/ബ്യൂട്ടിപാർലറുകൾ എന്നിവയിൽ നിന്നും പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കുന്നതിന് ഹരിതകർമ്മ സേന പ്രതിമാസം എത്ര രൂപയാണ് യൂസർ ഫീസായി ഈടാക്കുന്നത്; ഇത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ; | (എ) | ബാർബർഷോപ്പ് /ബ്യൂട്ടിപാർലറുകൾ എന്നിവയിൽ നിന്നും പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കുന്നതിന് ഹരിതകർമ്മസേന പ്രതിമാസം 100/- രൂപയാണ് യൂസർ ഫീസായി ഈടാക്കുന്നത്. 12.08.2020-ലെ സ.ഉ(സാധാ) നം.1496/2020/തസ്വഭവ സർക്കാർ ഉത്തരവ് പ്രകാരം വാണിജ്യ സ്ഥാപനങ്ങളിൽ നിന്നും ഹരിതകർമ്മസേന പ്രതിമാസം ശേഖരിക്കേണ്ട യൂസർഫീ കുറഞ്ഞത് 100/- രൂപയായി നിശ്ചയിച്ചിട്ടുണ്ട്.<br><br>ഉത്പാദിപ്പിക്കുന്ന മാലിന്യത്തിന് ആനുപാതികമായും പ്രദേശത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾക്കനുസരിച്ചും നിരക്ക് വ്യത്യാസപ്പെടും. ഇത്തരത്തിൽ നിശ്ചയിക്കുന്ന നിരക്ക് ഭരണസമിതി തീരുമാനമെടുത്ത് പ്രസിദ്ധീകരിക്കേണ്ടതാണെന്ന് 13.11.2024-ലെ സ.ഉ.(സാധാ)നം.2195/2024/ തസ്വഭവ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. |
| (ബി) | ബാർബർ ഷോപ്പ്/ബ്യൂട്ടിപാർലറുകൾ എന്നിവിടങ്ങളിൽ സാധാരണയായി പ്ലാസ്റ്റിക് മാലിന്യങ്ങൾ ഉണ്ടാകാറില്ലയെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്ലാസ്റ്റിക് മാലിന്യ ശേഖരണത്തിനായുള്ള യൂസർ ഫീസിൽ നിന്നും ബാർബർ ഷോപ്പ്/ബ്യൂട്ടിപാർലറുകൾ എന്നിവയെ ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ? | (ബി) | ബാർബർഷോപ്പ്/ ബ്യൂട്ടിപാർലറുകൾ എന്നിവിടങ്ങളിൽ വളരെ കുറഞ്ഞ അളവിലെങ്കിലും പ്ലാസ്റ്റിക് മാലിന്യങ്ങൾ ഉണ്ടാകാറുണ്ട്.<br><br>മുടി മാലിന്യ സംസ്കരണ മേഖലയിൽ കൂടുതൽ ഏജൻസികളെ എംപാനൽ ചെയ്യുന്ന മുറയ്ക്കോ, നിലവിലെ അംഗീകൃത ഏജൻസികൾ ആവശ്യമായ സംസ്കരണ ശേഷി ആർജ്ജിക്കുന്ന മുറയ്ക്കോ പ്രസ്തുത ഏജൻസികൾ മുഖേന മുടി മാലിന്യത്തിന് പുറമെ അജൈവമാലിന്യങ്ങൾ കൂടി ശേഖരിക്കുന്ന പക്ഷം ബാർബർ ഷോപ്പ് / ബ്യൂട്ടിപാർലറുകൾ എന്നിവയെ ഹരിത കർമ്മ സേനയ്ക്ക് നൽകേണ്ട യൂസർ ഫീസിൽ ഇളവ് അനുവദിക്കുന്ന വിഷയം പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ